**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392** **07-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ ഹയർ സെക്കൻണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, വെള്ളൂർ, മാത്തിൽ, വയക്കര എന്നീ ഹയർ സെക്കൻണ്ടറി സ്കൂളുകൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, വെള്ളൂർ, മാത്തിൽ, വയക്കര എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളെ മൂന്ന് കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി ഭൗതിക സൗകര്യവികസനത്തിനായി തുക അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**ഷേണായി സ്മാരക ഗവ.എച്ച്.എസ്.എസ് (കണ്ടങ്കാളി)** സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി കിലയിൽ നിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>**ഗവ.എച്ച്.എസ്.എസ് വെള്ളൂർ** സ്കൂളിന്റെ ഡിപിആർ തയാറാക്കി കിലയിൽ നിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സബ് പ്രോജക്റ്റ് റിവിഷൻ നടത്തി സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>**ഗവ.എച്ച്.എസ്.എസ്.മാത്തിൽ** സ്കൂളിന്റെ ഡിപിആർ തയാറാക്കി കിലയിൽ നിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>**ഗവ.എച്ച്.എസ്.എസ് വയക്കര സ്കൂളിന്റെ** ഡിപിആർ തയ്യാറാക്കി കിലയിൽ നിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലേക്ക് കടക്കുന്നതിന് ടി പ്രവൃത്തിയുടെ പിഇഡി (Project Executive Document) കിഫ്ബി അംഗീകരിക്കേണ്ടതുണ്ട്. പിഇഡി കിഫ്ബിക്ക് സമർപ്പിച്ചിരുന്നതിൽ ചില |

| | | | |
|---|---|---|---|
| | | | തിരുത്തലുകൾ നിർദ്ദേശിച്ചിട്ടുള്ളത് ചർച്ച ചെയ്ത് പരിഹരിച്ച് വരുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതിയുടെ നിർവഹണം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ കില സ്ഥലം സന്ദർശിച്ച് സ്കൂൾ അധികാരികളുമായി ചർച്ച ചെയ്ത് ടി പ്രവൃത്തികളുടെ ഡ്രോയിംഗ്, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി തുടർന്ന് വീണ്ടും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കിലയിൽ നിന്നും സാങ്കേതിക അനുമതി നൽകുകയും അതിനുശേഷം പിഇഡി (Project Executive Document) യ്ക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്താൽ മാത്രമേ എസ്.പി.വിയായ കിലക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ.<br><br>കൂടാതെ നിലവിലുള്ള നിർമ്മാണങ്ങൾക്ക്, പുതുക്കിയ ഡിഎസ്ആർ/ജിഎസ് റ്റി നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ 2018, ഡിഎസ്ആർ നിരക്കിൽ പുതുക്കിയ ഭരണാനുമതി നൽകി നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി ചെയ്ത് സാങ്കേതിക അനുമതി ലഭ്യമാക്കി കിഫ്ബിയുടെ അനുമതിയോടുകൂടി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായി. ഈ കാരണങ്ങളാലാണ് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) | സ്കൂൾ കെട്ടിട നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | ഉണ്ട്. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡിഎസ്ആർ/ജിഎസ് റ്റി നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ 2018 ഡിഎസ്ആർ നിരക്കിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരുകയും ഇതിനായി എസ്.പി.വിയായ കില സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും പുതുക്കിയ ഡിഎസ്ആർ/ജി.എസ്.റ്റി നിരക്ക് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് നിലവിലുള്ള എസ്റ്റിമേറ്റിൽ ഭേദഗതി ചെയ്ത് സാങ്കേതിക അനുമതി ലഭ്യമാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ